8. 2002-ലെ കേരള കവുങ്ങ് (അടയ്ക്ക) കർഷക ക്ഷേമനിധി ബിൽ

(ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്ന അംഗം ശ്രീമതി ശോഭനാ ജോർജ് സഭയിൽ ഹാജരില്ലാതിരുന്നതിനാൽ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

9. 2002-ലെ കേരള ഗർഭസ്ഥ ശിശുവിന്റെ ലിംഗനിർണ്ണയ നിരോധന ബിൽ

(ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്ന അംഗം ശ്രീമതി ശോഭനാ ജോർജ് സഭയിൽ ഹാജരില്ലാതിരുന്നതിനാൽ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

10. 2002-ലെ പമ്പാനദി സംരക്ഷണ അതോറിറ്റി രൂപീകരണ ബിൽ

(ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്ന അംഗം ശ്രീമതി ശോഭനാ ജോർജ് സഭയിൽ ഹാജരില്ലാതിരുന്നതിനാൽ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

(3) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർച്ച ചർച്ച

1. 2001-ലെ കേരള റൈറ്റ് ടു ഇൻഫർമേഷൻ ബിൽ

(ശ്രീ. കോടിയേരി ബാലകൃഷ്ണൻ നോട്ടീസ് നൽകിയത്)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: (തുടർച്ച) സർ, ഞാൻ കഴിഞ്ഞ സെഷനിൽ അവതരിപ്പിച്ച് സംസാരിച്ച് തുടങ്ങിയതായിരുന്നു. വളരെ പ്രധാനപ്പെട്ട ഒരു ബില്ലിനുള്ള പ്രമേയമാണ് ഞാൻ അവതരിപ്പിക്കുന്നത്. ഇത് അവതരിപ്പിക്കാൻ ഞാൻ നിർബന്ധിതനായത് യു. ഡി. എഫ്. ഗവൺമെന്റ് നൽകിയ വാഗ്ദാനം നടപ്പാക്കാത്തതുകൊണ്ടാണ്. ഐക്യ ജനാധിപത്യ മുന്നണിയുടെ മാനിഫെസ്റ്റോ ആണ് ഇപ്പോൾ ഏറ്റവും വില കുറഞ്ഞ സാധനം. ഈ മാനിഫെസ്റ്റോയിൽ പറയുന്നത് ഭരണ പരിഷ്കാരമാണ്. ഭരണം സുതാര്യമാക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി ഇന്ന് കർണ്ണാടകത്തിൽ നിലവിലുള്ള കർണ്ണാടക റൈറ്റ് ടു ഇൻഫർമേഷൻ ആന്റ് ട്രാൻസ്പേരൻസി ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ ആക്റ്റ്, റഗുലേഷൻ ടു ഇൻഫർമേഷൻ ആക്ട് എന്നീ നിയമങ്ങളുടെ മാതൃകയിലുള്ള നിയമ നിർമ്മാണം നടത്തും എന്ന് യു.ഡി. എഫ്-ന്റെ മാനിഫെസ്റ്റോവിൽ പറഞ്ഞിട്ടുണ്ട്. ആ മാനിഫെസ്റ്റോ തയ്യാറാക്കിയത് ശ്രീ. എം. എം. ഹസ്സൻ ആണെന്നാണ് എനിക്ക് കിട്ടിയ വിവരം.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): താങ്കൾ പറയുന്നത് കാര്യങ്ങൾ മുഴുവൻ മനസ്സിലാക്കാതെയാണ്. ഞാൻ മറുപടി പറയുമ്പോൾ അത് പറയാം. കേന്ദ്രത്തിൽ ബിൽ പാസ്സായി, സംസ്ഥാനങ്ങളിൽ അത് ഫോളോ ചെയ്യണമെന്ന് ഞങ്ങളോട് ആവശ്യപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

അതിനുപുറമേ ലാ റിഫോംസിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ലാ മിനിസ്റ്റർ തയ്യാറാക്കി പ്രസിദ്ധീകരിച്ച ആ ബില്ലുകളിൽ ഒന്ന് നമ്മുടെ ഈ ഗവൺമെന്റിന്റെ Right to Information Bill ആണെന്നുള്ള കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഞങ്ങൾ ബിൽ പ്രസിദ്ധീകരിച്ചുകഴിഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബിൽ പ്രസിദ്ധീകരിച്ചിട്ട് എന്താ കാര്യം? ഇങ്ങനെ ഒരുപാട് ബിൽ നിങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടല്ലോ. ഈ പ്രസിദ്ധീകരിച്ച ബില്ലൊക്കെ പാസ്സാക്കാൻ വേണ്ടി പ്രസിദ്ധീകരിച്ചതാണോ? നിങ്ങൾ എത്രയധികം ബില്ലുകൾ ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്, ഇതിനുമുമ്പും നിങ്ങൾ എത്ര പ്രസിദ്ധീകരിച്ചു, അതൊന്നും വന്നിട്ടില്ലല്ലോ. അതുപോലെയുള്ള ഒരു ബില്ലായിട്ട് ഇതും മാറാതെ ഈ ബിൽ നമുക്ക് വേഗം പാസ്സാക്കി എടുക്കണമെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ബില്ല് അവതരിപ്പിക്കുന്നതിന് അനുമതി ചോദിച്ചുകൊണ്ടുള്ള പ്രമേയവുമായി ഇവിടെ വരുന്നത്. മാറ്റങ്ങൾ വരുത്തണമെങ്കിൽ ഇവിടെ നിങ്ങൾ നിർദ്ദേശിക്കുന്ന കുറേ കാര്യങ്ങളും കൂടി ചേർത്ത് നമുക്ക് ഈ ബിൽ സഭയിൽ അവതരിപ്പിച്ച് പാസ്സാക്കാം.

ശ്രീ. ടി. കെ. ബാലൻ: ഇപ്പോഴത്തെ യു. ഡി. എഫ്. ഗവൺമെന്റ് കേരളത്തിൽ ഒരു Right to Information Bill പ്രസിദ്ധപ്പെടുത്തി എന്നാണ് പറഞ്ഞത്. 1999-ൽ ശ്രീ. പാലൊളി മുഹമ്മദ് കുട്ടി pilot ചെയ്ത് ഉണ്ടാക്കിയ ഒരു ബിൽ ഈ നിയമസഭ പാസ്സാക്കിയിട്ടുണ്ട്. പഞ്ചായത്തീ രാജ് ബില്ലും, നഗര പാലികാ ബില്ലും. ആ നിയമസഭയിൽ മെമ്പറായിരുന്ന ആളാണ് ഞാൻ, അതുകൊണ്ടാണ് പറയുന്നത്. ഈ Right to Information ബില്ലിൽ ഉള്ളതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ സംബന്ധിച്ച് ഏതെങ്കിലും ഒരു പൗരന് പഞ്ചായത്ത് ഓഫീസിൽ നിന്ന് എന്തെങ്കിലും വിവരങ്ങൾ കിട്ടണമെങ്കിൽ എഴുതിക്കൊടുത്താൽ 15 ദിവസത്തിനിടയ്ക്ക് അതിന് മറുപടി കൊടുക്കണം. അഥവാ 15 ദിവസത്തിനിടയ്ക്ക് മറുപടി ലഭിച്ചില്ല എങ്കിൽ പിന്നീട് ഡിലേയാകുന്ന ഓരോ ദിവസത്തിനുമുള്ള ഫൈൻ അതിന്റെ കൺസേൺഡ് ക്ലാർക്ക് കൊടുക്കണമെന്നുള്ള അത്ര അന്യൂനമായിട്ടുള്ള ഒരു വകുപ്പ് എൽ. ഡി. എഫ്. ഗവൺമെന്റ് Right to Information-ന്റെ ഭാഗമായി പഞ്ചായത്ത് രാജ് ആക്ടിലും നഗരപാലികാ ആക്ടിലും കൊണ്ടുവന്നിട്ടുണ്ട് എന്നുള്ളത് അങ്ങേക്ക് അറിയാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കേരളത്തിൽ ഇടതുപക്ഷ മുന്നണി ഭരണകാലത്ത് കൊണ്ടുവന്ന പഞ്ചായത്തീ രാജ് നഗരപാലികാ ബില്ലിനകത്ത് ഇങ്ങനെ ഒരു വകുപ്പ് ചേർത്തിട്ടുണ്ട്.

ശ്രീ. തമ്പാനൂർ രവി: ബഹുമാനപ്പെട്ട ബാലേട്ടൻ പറഞ്ഞ ശ്രീ. പാലൊളി pilot ചെയ്ത ബിൽ പഞ്ചായത്ത്-മുനിസിപ്പൽ ആഫീസുകളിൽ മാത്രം

LIBRARY ARCHIVES Kerala Legislative Assembly

ബാധകമായിട്ടുള്ള ഒരു ബില്ലാണ്. ഇവിടെ കൊണ്ടുവന്നിരിക്കുന്ന ബിൽ അതല്ല. കേരളത്തിന്റെ ഭരണ സിരാകേന്ദ്രമായ സെക്രട്ടേറിയറ്റ് ഉൾപ്പെടെ, ഹെഡ് ഓഫീസ് ഉൾപ്പെടെ, ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ് ഉൾപ്പെടെ കേരളത്തിൽ ഏത് ഓഫീസിലും ഒരു ഇൻഫർമേഷൻ അറിയണമെന്ന പൗരന്റെ ന്യായമായ അവകാശം, അത് പ്രൊട്ടക്ട് ചെയ്യാനുള്ളതാണ് Right to Information Bill. രണ്ടും രണ്ടാണ്, മറ്റേത് പഞ്ചായത്തുകൾക്ക് മാത്രം ബാധകമാണ്. ഇത് Whole കേരളയാണ്, including Head of the Departments and Secretariat.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട തമ്പാനൂർ രവി പറഞ്ഞത് ശരിയാണ്. അത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് മാത്രമേ ബാധകമായിട്ടുള്ളൂ. ഈ ബിൽ കുറേക്കൂടി വിപുലമായതും സെക്രട്ടേറിയറ്റ്, നിയമസഭ, ജുഡീഷ്യറി ഇതിനകത്തുള്ള കാര്യങ്ങൾ കൂടി വ്യക്തമാക്കുന്ന തരത്തിലുള്ള ഒരു വിപുലമായ ഒരു ബിൽ അവതരിപ്പിക്കുന്നതിന് അനുമതി ചോദിച്ചുകൊണ്ടുള്ള പ്രമേയമാണ് ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇവിടെ ഇപ്പോൾ ഭരണ പരിഷ്കാരം വളരെ കാര്യമായിട്ട് നമ്മൾ പറഞ്ഞുകൊണ്ടിരിക്കുന്നതാണ്. മാറി മാറി പല ഗവൺമെന്റുകളും കേരളം ഭരിച്ചിട്ടും ഈ ഭരണ പരിഷ്കാര രംഗത്ത് നമുക്ക് വേണ്ടത്ര മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ സെക്രട്ടേറിയറ്റിൽ നിന്നും ഒരു വിവരം നമ്മൾ ചോദിച്ചാൽ എം. എൽ. എ.-മാർ തന്നെ ചോദിച്ചാൽ പലതും കിട്ടുന്നില്ല. ഇവിടെ ചോദ്യം ചോദിച്ചാൽ നിയമസഭയിൽ നിന്നുപോലും ഉത്തരം കൃത്യമായിട്ട് കിട്ടാത്ത സ്ഥിതിയാണ്. നിയമസഭ മുഖേന ചോദിച്ചാൽ പോലും ഡിപ്പാർട്ടുമെന്റ് കൃത്യമായിട്ട് ഉത്തരം കൊടുക്കുന്നില്ല. ഇതിന്റെ ഫലമായിട്ട് അഴിമതി വൻതോതിൽ വർദ്ധിച്ചുവരുന്നതിന് ഇടയാകുകയാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽത്തന്നെ ഇപ്പോൾ നിലവിലുള്ള ഈ നിയമപ്രകാരം അപേക്ഷ കൊടുത്താൽ 15 ദിവസം കഴിഞ്ഞ് ബന്ധപ്പെട്ട വ്യക്തി ആ വിവരം കൊടുത്തില്ല എങ്കിൽ പിന്നീട് വരുന്ന ഓരോ ദിവസത്തേയും അടിസ്ഥാനമാക്കി ആ ഉദ്യോഗസ്ഥനാണ് അതിന്റെ ഉത്തരവാദിത്വം. ആ ഉദ്യോഗസ്ഥൻ അതിന് ഫൈൻ കൊടുക്കേണ്ടുന്ന സ്ഥിതിയിലാണ്.

ശ്രീ. കെ. സി. വേണുഗോപാൽ: അങ്ങ് വളരെ പ്രസക്തമായിട്ടുള്ള ഒരു ബില്ലിനാണ് അവതരണാനുമതി ചോദിച്ചിരിക്കുന്നത്. Right to Information Bill ഇവിടെ പറഞ്ഞു ബഹുമാനപ്പെട്ട നിയമസഭാംഗങ്ങൾക്കുപോലും ഒരു വിവരം ചോദിച്ചാൽ ബന്ധപ്പെട്ട വകുപ്പ് മേധാവികളിൽനിന്ന് മറുപടി കിട്ടുന്നില്ല എന്ന്. നിയമസഭയിൽ ചോദ്യം ചോദിച്ചാൽ പോലും കിട്ടുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് നിയമസഭയിൽ അംഗങ്ങളായിരുന്നവരാണ്

LIBRARY ARCHIVES Kerala Legislative Assembly

നമ്മളൊക്കെ. അന്ന് അംഗങ്ങൾക്ക് ചോദ്യം അത്രയും ചോദിക്കാമായിരുന്നു, ആദ്യം. പിന്നീട് ചോദ്യം റെസ്ട്രിക്ട് ചെയ്ത് 5 ചോദ്യമാക്കി മാറ്റിയത് മന്ത്രിയുടെ ഭാഗത്തുനിന്നും പരാതി ഉണ്ടായതുകൊണ്ടാണ്. ഇഷ്ടംപോലെ ചോദ്യം വന്നുകൊണ്ടിരിക്കുന്നു, ഞങ്ങൾക്കൊന്നും മറുപടി പറയാൻ കഴിയില്ല, അങ്ങനെ സഭയുടെ consensus എടുത്തിട്ടാണ് അംഗങ്ങളുടെ അധികാരം വെട്ടിച്ചുരുക്കി 5 ചോദ്യമാക്കി പരിമിതപ്പെടുത്തിയത്. തലസ്ഥാനത്തെ സെക്രട്ടേറിയറ്റിനകത്തുനിന്ന് ഉത്തരം കിട്ടാവുന്ന ചോദ്യത്തിനുപോലും വിവരം 'ശേഖരിച്ചുവരുന്നു' എന്നുള്ള ഉത്തരമാണ് കഴിഞ്ഞ പ്രാവശ്യം നമുക്ക് കിട്ടിയത്. ഇപ്പോഴും അത് തുടരുന്നുണ്ട്. സത്യത്തിൽ ബന്ധപ്പെട്ട ഉദ്യാഗസ്ഥർ മന്ത്രിമാർക്ക് ഇത് കൊടുക്കാത്തതുകൊണ്ടാണ്, അതാണ് 'ശേഖരിച്ചുവരുന്നു,' 'ശേഖരിച്ചുവരുന്നു' എന്നുപറയുന്നത്. ഇക്കാര്യത്തിൽ വളരെ ഫലപ്രദമായി നിയമസഭയ്ക്കകത്തും സെക്രട്ടേറിയറ്റിലും ഒക്കെത്തന്നെ സംവിധാനം ഉണ്ടാക്കാൻ വേണ്ടിയുള്ള നിർദ്ദേശങ്ങളല്ലേ അങ്ങയുടെ ബില്ലിൽ പെടുന്നത്?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: വളരെ പ്രസക്തമായിട്ടുള്ള കാര്യമാണ് ബഹുമാനപ്പെട്ട വേണുഗോപാൽ ഇവിടെ പറഞ്ഞിരിക്കുന്നത്. എം. എൽ. എ.-മാർ ഒരു ചോദ്യം ചോദിച്ചാൽ അതിന് മന്ത്രിയല്ലല്ലോ ഉത്തരം തരുന്നത്. അത് ഡിപ്പാർട്ടുമെന്റ് മുഖേന പരിശോധിച്ചിട്ടാണ് മന്ത്രി ഇവിടെ ഉത്തരം തരുന്നത്. അങ്ങനെയുള്ള ചോദ്യങ്ങൾക്കുപോലും ഉത്തരം കിട്ടാത്ത ഒരു സാഹചര്യം E-governance-ന്റെ ഈ കാലത്തും ഉണ്ടാകുന്നു. കമ്പ്യൂട്ടർ സംവിധാനം വിവിധ ഡിപ്പാർട്ടുമെന്റുകളിൽ വ്യാപകമായിട്ടുപോലും ഇവിടെ എം. എൽ. എ.-മാരുടെ ചോദ്യങ്ങൾക്ക് ചിലപ്പോൾ ഉത്തരം കിട്ടുന്നില്ല. പഞ്ചായത്ത് രാജ് ബില്ലിലും നഗരപാലികാ ബില്ലിലും ഇങ്ങനെ ഒരു വ്യവസ്ഥ ചേർത്തിട്ടുപോലും ഫലമില്ലാത്ത അവസ്ഥയാണുള്ളത്. അത് യഥാർത്ഥത്തിൽ വേണ്ടത്ര ആളുകൾക്ക് അറിയില്ല എന്നാണ് എനിക്ക് തോന്നുന്നത്. പഞ്ചായത്ത് ഓഫീസിൽപോയി ഒരു വിവരം സംബന്ധിച്ച് ഒരു അപേക്ഷ കൊടുത്താൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അതിന് 15 ദിവസംകൊണ്ട് മറുപടി കൊടുക്കുന്നില്ല എങ്കിൽ ആ ഉദ്യോഗസ്ഥന് ബാദ്ധ്യതയുണ്ടാകുമെന്നു വരുമ്പോൾ ഉദ്യോഗസ്ഥൻ അത് വളരെ വേഗത്തിൽ ചെയ്യുന്നതിന് നിർബന്ധിതനാകും. ഇത് 'ചുവപ്പുനാട' സംവിധാനം ഇല്ലാതാക്കുന്നതിന് ഫലപ്രദമായിട്ടുള്ള ഒരു ഇടപെടലാണ്.

<u>ശ്രീ. തമ്പാനൂർ രവി</u>: അങ്ങ് ഇവിടെ പറഞ്ഞത് പഞ്ചായത്ത് ഓഫീസിൽ പോയി ഒരാൾ ഒരു കത്ത് കൊടുത്താൽ അതിന്റെ മറുപടി 15 ദിവസത്തിനകം ലഭ്യമാക്കണം എന്നാണല്ലോ, അതുപോലെ അങ്ങും ഞാനും ഗവൺമെന്റിലേക്ക് കൊടുക്കുന്ന കത്ത്, എം. എൽ. എ.-മാർ ഗവൺമെന്റിലേക്ക് കൊടുക്കുന്ന കത്തുകൾ, വി. ഐ. പി. ഫയൽ ആണ് എന്നാണ് വയ്പ്. അത്

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനിച്ച സമയത്ത് ഇൻഫർമേഷൻ കിട്ടാനാണ്. അങ്ങേക്കറിയാമല്ലോ, ഗവൺമെന്റിൽ കൊടുക്കുന്ന വി. ഐ. പി. കത്തുകൾപോലും അത് തിരിച്ച് സെക്രട്ടേറിയറ്റിൽപോയി വകുപ്പ് തലവന്മാർ കണ്ട് താഴെ പോയി ഒരു മറുപടി കിട്ടാൻ വളരെയധികം കാലതാമസം വരുന്നുണ്ട്. ഇവിടെ ഏറ്റവും കൂടുതൽ Red tapism ഉള്ളത് നമ്മുടെ ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിൽ ആണെന്ന കാര്യം അങ്ങേക്കറിയാമോ?. അവിടെ ഒരാൾ പരാതി കൊടുത്താൽ, മന്ത്രി ആ ഫയൽ ഒപ്പിട്ടാൽ അത് ഈ ഉദ്യോഗസ്ഥരുടെ ചുവപ്പുനാടയിൽ കുരുങ്ങിയിട്ട് പിന്നെ അത് ഗവൺമെന്റ് സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി ഇങ്ങനെ പോകുന്നു, ആ ഒരു സെക്ഷൻ ഓഫീസർ വിചാരിച്ചാൽ ഒരുത്തന്റെ പരാതി പരിഹരിക്കാവുന്നതാണ്. മന്ത്രി ഒരു തീരുമാനമെടുത്താൽ ഈ ഉദ്യോഗസ്ഥ മേധാവിത്വത്തിൽ ചുവപ്പുനാടയിൽ കുടുങ്ങി സമയത്ത് അതിന് മറുപടി ലഭിക്കുന്നില്ല. പാവപ്പെട്ട ആളുകൾ ചികിൽസാ നിധിയിൽനിന്ന് സഹായം ആവശ്യപ്പെട്ട് അപേക്ഷ കൊടുക്കുന്നു. അങ്ങും ഞാനും ശുപാർശ ചെയ്യാറുണ്ട്, പാവപ്പെട്ട രോഗികൾക്ക് വേണ്ടി. മുഖ്യമന്ത്രിയുടെ നിധിയിൽനിന്ന് കാശ് കിട്ടുന്നതിന് ഉത്തരവ് ഇടുന്നു, രോഗി മരിച്ചാൽപോലും ആ ഉത്തരവ് നടപ്പാക്കുന്നില്ല, സമയത്ത് അത് ലഭിക്കുന്നില്ല എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അത് കൂടി ഉദ്ദേശിച്ചുകൊണ്ടാണോ അങ്ങ് ഈ ബിൽ കൊണ്ടു വന്നിരിക്കുന്നത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇങ്ങനെയുള്ള ധാരാളം അനുഭവങ്ങൾ ജനപ്രതിനിധികളായ നമുക്ക് ഓരോരുത്തർക്കും ഉണ്ട്. ഓരോ പ്രദേശത്തും പോയാൽ കിട്ടുന്ന പരാതി നോക്കിയാൽ എന്താണ് നമ്മുടെ സെക്രട്ടേറിയറ്റിൽ നടക്കുന്നത് എന്നുള്ള കാര്യം നമ്മൾ പരിശോധിക്കേണ്ടതാണ്. ഇവിടെ മന്ത്രിയുടെ ഉത്തരവ് മാത്രമല്ല, മുഖ്യമന്ത്രി ഉത്തരവ് ഇട്ടാൽ പോലും പല കാര്യങ്ങൾക്കും കൃത്യമായിട്ട് ഉത്തരം കിട്ടാത്ത ഒരു സാഹചര്യം നമ്മുടെ സംസ്ഥാനത്ത് വന്നിരിക്കുകയാണ്. ഈ 'ചുവപ്പുനാട' സമ്പ്രദായത്തിന് മാറ്റം വരുത്തണമെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിയമപരമായിട്ട് ബാദ്ധ്യത ഉണ്ടാകണം. അതാണ് എന്റെ ഈ ബിൽ കൊണ്ട് ഉദ്ദേശിക്കുന്നത്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ഇവിടെ റിപ്പോർട്ടുകൾ ചോദിച്ചാൽ കിട്ടുന്നില്ല. ചോദ്യത്തിന് മറുപടി കിട്ടുന്നില്ല എന്നൊക്കെ പറഞ്ഞു. സാധാരണമായി വന്നിരിക്കുന്ന ഒരു കാര്യമാണ്. സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് ചുവപ്പുനാടയുടെ പ്രശ്നമാണ് ഇവിടെ സജീവമായി ചർച്ച ചെയ്യപ്പെടുന്നത്. ജനങ്ങൾക്കാവശ്യമുള്ള ജനപ്രധിനിധികൾ ചോദിക്കുന്ന കാര്യങ്ങൾക്ക്, ഇത്തരം തടസ്സവും കാലതാമസവും ഒക്കെ ഉണ്ടാകുമ്പോൾ തന്നെ ബന്ധപ്പെട്ട ആളുകളുടെ പ്രൊമോഷൻ സംബന്ധിച്ച ഫയലുകൾ ഒറ്റദിവസം കൊണ്ട് ഏഴ്, എട്ട് മേശകൾ കറങ്ങി അപ്രൂവ് ചെയ്തിട്ടുണ്ട് എന്നുള്ള വിവരം അങ്ങേക്കറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇത് മനസ്സിലാക്കി കൊണ്ടാണല്ലോ നമ്മുടെ ഈ ഭരണത്തെ നിയന്ത്രിക്കുന്ന കെ. പി. സി. സി.-യുടെ പ്രസിഡന്റ് പോലും പറഞ്ഞില്ലേ ഇവിടെ ഉദ്യോഗസ്ഥ ഭരണമാണ് നടക്കുന്നതെന്ന്. ഇത് ഇതിന്റെ ഏറ്റവും വലിയ തെളിവാണല്ലോ, അദ്ദേഹത്തിനുപോലും സമ്മതിക്കേണ്ടിവന്നു. യഥാർത്ഥത്തിൽ ഇവിടെ കാര്യം നടക്കണമെങ്കിൽ പലതരത്തിലും ആളുകളെ സമീപിക്കേണ്ട സാഹചര്യം നിലനിൽക്കുകയാണ്. അഴിമതിക്ക് വളംവച്ചുകൊടുക്കുകയാണ് ഈ സംവിധാനം.

ശ്രീ. പി. സി. ജോർജ്: ഈ ചുവപ്പുനാടയൊക്കെ അവിടെ കിടക്കട്ടെ, നമ്മുടെ മന്ത്രിമാർ ശക്തമായി നടപടി സ്വീകരിക്കാതെ ഈ കാര്യത്തിൽ പരിഹാരം ഉണ്ടാകില്ല. മന്ത്രിമാർ വെറുതെ കുത്തിയിരുന്നാൽ ഉദ്യോഗസ്ഥന്മാർ അവർക്ക് സൗകര്യമുള്ളതു ചെയ്യും. അതാണ് അതിന്റെ സ്ഥിതി. ജനാധിപത്യക്രമമനുസരിച്ച് അധികാരത്തിൽ വന്നവരാണ് മന്ത്രിമാർ എന്ന തോന്നൽ അവർക്ക് ഉണ്ടാകണം. മന്ത്രിമാർ ഉദ്യോഗസ്ഥന്മാരെ നിലയ്ക്ക് നിറുത്തണം. അപ്പോൾ ചോദ്യത്തിന് ഉത്തരം കിട്ടും. നമ്മൾ കൊടുക്കുന്ന നിവേദനത്തിന് പരിഹാരം ഉണ്ടാകും. എനിക്ക് ചോദിക്കാൻ ഉള്ളത് അതൊന്നുമല്ല. സർ റൈറ്റ് ടു ഇൻഫർമേഷൻ ബിൽ ആണ്. സർ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ സ്വാശ്രയ കോളേജ് സംബന്ധമായി ഒരു കേസ് വന്നു, ആ കേസ് വന്നപ്പോൾ ആ കക്ഷിയുടെ വക്കീൽ ഈ ഗവൺമെന്റ് കാബിനറ്റിന്റെ രഹസ്യമായിട്ടുള്ള ഫയൽ നേരെ കോടതിയിൽ സമർപ്പിച്ചു. അഡ്വക്കേറ്റ് ജനറലിന് മറുപടി പറയാൻ കഴിഞ്ഞില്ല. . ഒന്ന് ആലോചിക്കണം. ഗവൺമെന്റിന്റെ തീരുമാനം പുറത്ത് വരാതെ വളരെ രഹസ്യമായ കാബിനറ്റ് രഹസ്യം, അതിന്റെ ഫയൽ, എതിർഭാഗത്തിന്റെ വക്കീൽ ഹൈക്കോടതിയിൽ ഹാജരാക്കി, അഡ്വക്കേറ്റ് കണ്ണന്താനമാണ് ഹാജരാക്കിയത്. ഇവിടെ കാബിനറ്റിന്റെ രഹസ്യമായ ഒരു ഫയൽ എങ്ങനെ വന്നു, കാബിനറ്റ് വളരെ രഹസ്യമായി വച്ച ഫയൽ എങ്ങനെ പുറത്തുപോയി, ക്രൈം ബ്രാഞ്ചിനെ ഏൽപ്പിച്ച ഉടനെ കേസ് എടുക്കുമെന്ന് പറഞ്ഞു, എന്തായി, വല്ലതും ചെയ്യാൻ കഴിഞ്ഞോ നിങ്ങൾക്ക്? വക്കീലിനെ പിടിക്കും പിടിക്കും എന്നു പറഞ്ഞ് ക്രൈം ബ്രാഞ്ച് അന്വേഷിച്ചു നടന്നല്ലോ, വക്കീലിനെ അറസ്റ്റ് ചെയ്യും, കേസ് എടുക്കും എന്നു പറഞ്ഞു, എന്തായി? നടപടി സ്വീകരിക്കാൻ കഴിഞ്ഞോ? അങ്ങനെയുള്ള സാഹചര്യമുള്ള സ്ഥിതിക്ക് ഈ സംഭവം ബിൽ അവതരിപ്പിച്ച ബഹുമാനപ്പെട്ട കോടിയേരി മനസ്സിലാക്കിയിട്ടുണ്ടോ? അതിനെ പറ്റിയുള്ള അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇന്ന് ഈ മന്ത്രിസഭാ തീരുമാനമെന്നൊക്കെ പറയുന്നത് പരമരഹസ്യമായ നടപടിയായിട്ടാണ് കാണുന്നത്. യഥാർത്ഥത്തിൽ ഇത് രഹസ്യമായിട്ട് വയ്ക്കേണ്ട കാര്യമല്ല. സുതാര്യമെന്നത് നമുക്ക് പ്രാവർത്തികമാക്കണമെങ്കിൽ അതിനെ എന്തിനാണ് ഇങ്ങനെ രഹസ്യമായി വയ്ക്കുന്നത്? അതുകൊണ്ട് എന്റെ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത് ഇതുപോലുള്ള കാര്യങ്ങൾ പോലും അറിയാനുള്ള അവകാശം ഒരു സാധാരണ പൗരന് ഉണ്ടെന്നാണ്.

ശ്രീ. എ. സുജനപാൽ: ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ: ഒരു കമ്മ്യൂണിസ്റ്റുകാരനായ താങ്കളുടെ ഈ ബില്ലിനോടുള്ള താത്വികമായ പ്രതികരണം എന്താണ്? കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ ഒക്കെയുള്ള ഭരണക്രമത്തിൽ ഒരു ഇൻഫർമേഷൻ കിട്ടുകയെന്നുള്ളത് അസാദ്ധ്യമായിട്ടുള്ള കാര്യമാണ്. കാരണം അവിടെ തൊഴിലാളിവർഗ്ഗ സർവ്വാധിപത്യമാണ്. ഇപ്പോൾ താങ്കൾ ഇവിടെ അവതരണാനുമതി ചോദിച്ച ബിൽ താത്വികമായി താങ്കളുടെ വിശ്വാസത്തിന് വിരുദ്ധമായിട്ടുള്ള ബിൽ അല്ലേ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എന്റെ ചോദ്യം തൊഴിലാളി വർഗ്ഗ സർവ്വാധിപത്യമെന്നുപറഞ്ഞാൽത്തന്നെ മഹാഭൂരിപക്ഷത്തിന്റെ ജനാധിപത്യമാണ്. അപ്പോൾ ഏത് വിവരവും കിട്ടും. ഇത് തെറ്റായ ധാരണവച്ചിട്ടാണ് കോൺഗ്രസ് തുടരുന്നതെങ്കിൽ നിങ്ങൾ കോൺഗ്രസ്സിൽ തുടരേണ്ട, തൊഴിലാളി വർഗ്ഗ സർവ്വാധിപത്യം എന്താണ് എന്നതിനെ സംബന്ധിച്ച് അങ്ങയുടെ തെറ്റിദ്ധാരണയാണ് ഈ ചോദ്യത്തിന് അടിസ്ഥാനം.

ശ്രീ. എം. എം. ഹസ്സൻ: അല്ല, പണ്ടത്തെ രീതി അനുസരിച്ച് ശരിയാണ്. ഇപ്പോൾ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ ഒരുപാട് മുതലാളിമാർ ഉണ്ടായിരിക്കുന്ന സാഹചര്യത്തിൽ തൊഴിലാളി വർഗ്ഗ സർവ്വാധിപത്യം എങ്ങനെ മഹാഭൂരിപക്ഷത്തിന്റേതാകും?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കമ്മ്യൂണിസ്റ്റ് രാജ്യമെന്നു പറയുന്ന രാജ്യം ലോകത്ത് ഒരിടത്തും ഇല്ല. കമ്മ്യൂണിസ്റ്റ് സാമൂഹിക വ്യവസ്ഥ കെട്ടിപ്പടുക്കാനുള്ള ശ്രമമാണ് ആ രാജ്യങ്ങളിലൊക്കെ നടത്തിക്കൊണ്ടിരിക്കുന്നത്. ജനങ്ങൾ തന്നെ ഇപ്പോൾ പറയുന്നത് ഞങ്ങൾ ഒരു വികസിത രാജ്യമായിട്ട് വളരണമെങ്കിൽ ഇനിയും അൻപത് വർഷം വേണമെന്നാണ്, അതിനൊക്കെ ശേഷമേ കമ്മ്യൂണിസം വരുകയുള്ളൂ. നിങ്ങൾ ഇപ്പോൾ അതിനുവേണ്ടി ഇങ്ങനെ ബുദ്ധിമുട്ടി നടക്കേണ്ട കാര്യമുണ്ടോ? കമ്മ്യൂണിസം വരുമെന്ന് പറഞ്ഞുകൊണ്ട് ഇപ്പോഴേ നിങ്ങൾ ഇങ്ങനെ ബുദ്ധിമുട്ട് സഹിച്ചാലോ? ഇപ്പോൾ കമ്മ്യൂണിസ്റ്റ് രാജ്യമെന്നുപറയുന്ന ഒരു രാജ്യം ഈ ലോകത്ത് ഒരു സ്ഥലത്തും ഇല്ല. കമ്മ്യൂണിസത്തിലേക്കാണ് ഈ രാജ്യം നീങ്ങുന്നത്.

ശ്രീ. എം. എം. ഹസ്സൻ: പത്തെഴുപത്തിയഞ്ചു കൊല്ലം കഴിഞ്ഞിട്ടും ഇനിയും അൻപത് കൊല്ലം കഴിയും എന്നാണ് പറയുന്നത്. ഇനിയിപ്പോൾ നമ്മുടെ കാലത്തും നമ്മുടെ മക്കളുടെ കാലത്തും ഇത് ഉണ്ടാകില്ല എന്ന് ഉറപ്പായല്ലോ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കമ്മ്യൂണിസമെന്നു പറയുന്നത് ഒരു സാമൂഹ്യ വ്യവസ്ഥയാണല്ലോ, വിവിധ പ്രക്രിയകളിൽകൂടി രൂപം കൊള്ളേണ്ട ഒരു വ്യവസ്ഥയാണ് കമ്മ്യൂണിസമെന്നു പറയുന്നത്. നിങ്ങൾ ഉദ്ദേശിച്ചതുപോലെ ഉടനടി ഇത് സാധിക്കുന്നതല്ല. അതുകൊണ്ട് മുതലാളിത്തം, അതു കഴിഞ്ഞ് സോഷ്യലിസം, സോഷ്യലിസം കഴിഞ്ഞാണ് കമ്മ്യൂണിസം. ആ മുതലാളിത്ത സാമൂഹ്യ വ്യവസ്ഥ കഴിഞ്ഞ് സോഷ്യലിസം, കമ്മ്യൂണിസം എന്നുള്ളതാണ് അടിസ്ഥാനപരമായിട്ടുള്ള കാഴ്ചപ്പാട്. ഇതൊന്നും മനസ്സിലാക്കാതെ ശ്രീ. ഹസ്സനെപ്പോലുള്ള ആളുകൾ കമ്മ്യൂണിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടിയെ വിമർശിക്കുന്നതിൽ എന്താണ് അർത്ഥമെന്ന് എനിക്ക് മനസ്സിലാകുന്നില്ല. സർ, ഇവിടെ കമ്മ്യൂണിസ്റ്റ് ഭരണത്തിലാണ് ഭരണ രംഗത്ത് ഏറ്റവും കൂടുതൽ സുതാര്യമായിട്ട് കാര്യങ്ങൾ നടക്കുന്നത്. ഒന്നും ഒളിച്ചുവയ്ക്കേണ്ട കാര്യമില്ല. നിങ്ങൾ കാബിനറ്റ് എടുക്കുന്ന തീരുമാനങ്ങൾ പോലും രഹസ്യമായിട്ട് വയ്ക്കുന്നു. അങ്ങനെ ആ രഹസ്യം ചോർത്തിയിട്ട് ഒരു ഉദ്യോഗസ്ഥൻ കോടതിയിൽ പോയി, അതാണ് ശ്രീ. പി. സി. ജോർജ് പറഞ്ഞത്. അൽഫോൺസ് കണ്ണന്താനത്തിന്റെ കാര്യം. ഈ ഗവൺമെന്റ് പറഞ്ഞു സർ, ഈ കാബിനറ്റ് തീരുമാനം ചോർത്തി കോടതിയിൽ എത്തിച്ച ഉദ്യോഗസ്ഥന്റെ പേരിൽ ഉടൻ നടപടി എടുക്കുമെന്ന്, നിങ്ങൾക്ക് എന്ത് ചെയ്യാൻ സാധിച്ചു? ഒന്നും ചെയ്തില്ല. ഒരു ഉദ്യോഗസ്ഥൻ വെല്ലുവിളിക്കുന്നു. ക്രൈം ബ്രാഞ്ചിനെ ഏൽപ്പിച്ചു, എന്താണ് സംഭവിച്ചത്? ഇപ്പോൾ ക്രൈം ബ്രാഞ്ച് ക്രൈം ബ്രാഞ്ചിന്റെ വഴിക്ക്, കണ്ണന്താനം കണ്ണന്താനത്തിന്റെ വഴിക്ക്, വക്കീൽ വക്കീലിന്റെ വഴിക്ക്. ഇങ്ങനെ ഭരണ രംഗത്ത് സുതാര്യത കൈവരിക്കേണ്ട നിങ്ങൾ ഇത്തരം കാര്യങ്ങൾ രഹസ്യമായി വയ്ക്കുന്നതിന്റെ ഫലമായിട്ടല്ലേ അങ്ങനെ ഒരു സാഹചര്യം ഇവിടെ ഉണ്ടായിട്ടുള്ളത്?

ശ്രീ. ബിനോയ് വിശ്വം: ഇവിടെ അൽപ്പം മുമ്പ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ഗവൺമെന്റ് കൊണ്ടുവരാൻ പോകുന്ന റൈറ്റ് ടു ഇൻഫർമേഷൻ ബിൽ അങ്ങേയറ്റം സുതാര്യമാണ്, എല്ലാ കാര്യങ്ങളും അറിയാൻ പറ്റും, അറിയാൻ ഒന്നും ബാക്കിയില്ല, എന്നൊക്കെ. പക്ഷേ ഈ ബില്ലിനകത്ത് ഒരു ഭാഗത്തു പറയുന്നുണ്ട്, മൾട്ടി നാഷണൽ കമ്പനികളുമായിട്ട് ബന്ധപ്പെട്ട ഉടമ്പടിയുടെ കാര്യങ്ങൾ ഈ ബില്ലിന്റെ പരിധിയിൽ പെടുന്നില്ല എന്ന്. എന്നുപറഞ്ഞാൽ ഈ ഗവൺമെന്റ് അവരുടെ പ്രലോഭനങ്ങൾക്ക് വഴങ്ങിക്കൊണ്ടാണ് ഭരിക്കാൻ പോകുന്നത് എന്നതിന്റെ സൂചനയല്ലേ ഈ ഒരു ഭാഗത്തുള്ള ഒളിച്ചുവയ്ക്കൽ എന്ന് ചിന്തിക്കുന്നു. അതിനെപ്പറ്റി.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ ഗവൺമെന്റിനെ ഇപ്പോൾ സ്പോൺസർ ചെയ്തിരിക്കുന്നത് തന്നെ എ. ഡി. ബി. ആണല്ലോ. അതിന്റെ ഫലമായിട്ട് സ്വീകരിക്കുന്ന നയം അത് പരമരഹസ്യമായിട്ടു വയ്ക്കണം എന്നുള്ളതുകൊണ്ടാണല്ലോ റൈറ്റ് ടു ഇൻഫർമേഷൻ ബിൽ സംബന്ധിച്ച് ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്നതിൽ അങ്ങനെ ഒരു വകുപ്പുതന്നെ ചേർത്തിരിക്കുന്നത്. സർ ഇവിടെ സ്ഥിതിയെന്താണ് എന്നു ചോദിച്ചാൽ രഹസ്യമായിട്ട് പല കാര്യങ്ങളും വയ്ക്കുന്നതുകൊണ്ടാണല്ലോ പല ആരോപണവും ഉണ്ടാകുന്നത്. ഈ അടുത്ത കാലത്ത് ഒരു പ്രശ്നമുണ്ടായി, മന്ത്രി സുധാകരൻ ഒരു ഉത്തരവിട്ടു, ആ ഉത്തരവ് മുഖ്യമന്ത്രി തടഞ്ഞു വച്ചു എന്നുള്ള പ്രശ്നം, ഇത് എന്താണ് പ്രശ്നമെന്ന് ആർക്കും മനസ്സിലാകുന്നില്ല. ഇതിനകത്തെ വിവാദം ഇതു സംബന്ധിച്ച അഴിമതി പ്രശ്നങ്ങൾ വരുമ്പോൾ ജനങ്ങൾക്ക് കാര്യങ്ങൾ തുറന്നു പറയാൻ അവസരം കിട്ടിക്കഴിഞ്ഞാൽ ഇത്തരം വിവാദങ്ങൾ നമുക്ക് ഒഴിവാക്കിക്കൂടെ, ഇപ്പോൾ ഇതിനെ സംബന്ധിച്ച് ദുരൂഹത നിൽക്കുകയാണ് എന്നാണ് വസ്തുത. മുഖ്യമന്ത്രി അത് തടഞ്ഞുവച്ചിരിക്കുന്നു. മന്ത്രി മന്ത്രിയുടെ വഴിക്ക് പോകുന്നു. ആരോഗ്യവകുപ്പ് മന്ത്രിയെപ്പറ്റി ഒരു വാർത്ത വായിച്ചു, മുഖ്യമന്ത്രിയുടെ ഉത്തരവ് ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്നില്ല എന്ന്. ഇങ്ങനെയുള്ള സ്ഥിതിഗതികളെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് വിവാദങ്ങൾ വരുമ്പോൾ യഥാർത്ഥ വസ്തുത എന്തെന്നുള്ളത് അറിയാനുള്ള ഒരു പൗരന്റെ അവകാശം നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നില്ല. അതുകൊണ്ടാണ് ഇവിടെ ലെജിസ്ലേച്ചർ, ജുഡീഷ്യറി ഇതുപോലുള്ള സ്ഥാപനങ്ങളുടെ കാര്യങ്ങൾ അറിയാനുള്ള ജനങ്ങളുടെ അവകാശം സംരക്ഷിച്ചു കൊടുക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഞാൻ ഇത്തരത്തിലുള്ള ഒരു നിയമനിർമ്മാണം വേണമെന്ന് ആവശ്യപ്പെടുന്നത്.

ശ്രീ. തമ്പാനൂർ രവി: അങ്ങ് ഇവിടെ കൊണ്ടുവന്നിരിക്കുന്ന ബിൽ റൈറ്റ് ടു ഇൻഫർമേഷൻ ടു ദി പബ്ലിക് ആണ്. പലപ്പോഴും ലെജിസ്ലേച്ചറും അതുപോലെ എക്സിക്യൂട്ടീവും സംബന്ധിച്ച പല വിവരങ്ങളും ജനങ്ങൾക്ക് കൊടുക്കുന്നതിന് കഴിയാതെ പോകുന്നുണ്ട്. അത്തരം കാര്യങ്ങൾ ബഹുജനമദ്ധ്യേ കൊണ്ടുവരുന്നത് മാധ്യമങ്ങളാണ്. അത് കൊണ്ടുവരുന്ന പല മാധ്യമപ്രവർത്തകർക്കും പലപ്പോഴും പല വിധ പീഢനങ്ങൾ അനുഭവപ്പെടാറുണ്ട്. അത്തരം പീഢനങ്ങളിൽ നിന്ന് അവരെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണമെന്നുള്ള അഭിപ്രായം അങ്ങേക്കുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട തമ്പാനൂർ രവി പറഞ്ഞത് വളരെ പ്രസക്തമായിട്ടുള്ള കാര്യമാണ്. ഇന്ന് നമുക്ക് വിവരങ്ങൾ കിട്ടുന്നത് പല പ്പോഴും മാധ്യമങ്ങൾ വഴിയാണ്. മാധ്യമ പ്രവർത്തകന്മാർ വളരെയധികം പ്രയാസങ്ങൾ സഹിച്ചുകൊണ്ടാണ് പലതും ചോർത്തിയെടുക്കുന്നത്. ഇപ്പോൾ ഞാൻ പറഞ്ഞ കാര്യങ്ങൾ എല്ലാം പത്രങ്ങളാണ് റിപ്പോർട്ട് ചെയ്തത്. മുഖ്യമന്ത്രി ഇടപെട്ടു, മന്ത്രി ഇടപെട്ടു, തടഞ്ഞുവച്ചു എന്നുള്ള കാര്യങ്ങളൊക്കെ നമ്മൾ പത്രങ്ങൾ വഴിയാണ് അറിഞ്ഞത്. ഇങ്ങനെ പ്രവർത്തിക്കുന്ന പത്രപ്രവർത്തകന്മാർ ഏറ്റവും ശ്രമകരമായിട്ടാണ് വാർത്തകൾ ശേഖരിച്ചു പൊതുജനസമക്ഷം അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം ഒരു നിയമനിർമ്മാണം പാസ്സായിക്കഴിഞ്ഞാൽ ഇതിന്റെയൊന്നും ആവശ്യമില്ല. പത്രക്കാർക്കുതന്നെ വളരെ വേഗം ഈ കാര്യങ്ങൾ മനസ്സിലാക്കാനും ജനങ്ങളെ അറിയിക്കാനും സാധിക്കും. അങ്ങനെ പ്രവർത്തിക്കുന്ന പത്രക്കാർക്ക് ഇപ്പോൾ ഇവിടെ സമ്മാനിക്കുന്നത് അടിയും ഇടിയുമാണ്. 100 പത്രപ്രവർത്തകർക്ക് അടികിട്ടി, മാത്രമല്ല, പത്രപ്രവർത്തകർക്കുനേരെ പ്രയോഗിക്കാൻവേണ്ടി പുതിയ ഒരു ലാത്തി പോലീസ് ഉണ്ടാക്കിയിരിക്കുകയാണ്. ആ ലാത്തിയുടെ പേരാണ് മാന്തിലാത്തി. ലാത്തിയുടെ മേലിൽ ഒരു മാന്തി ഘടിപ്പിച്ചിരിക്കുകയാണ്. മുഖ്യമന്ത്രി കണ്ടോയെന്ന് അറിയില്ല. കഴിഞ്ഞ സമരകാലത്ത് കുറേ പത്രക്കാർക്ക് അടികിട്ടി, ആശുപത്രിയിൽ ചെന്ന് നോക്കുമ്പോൾ ഏഷ്യാനെറ്റ്, സൂര്യ, ദേശാഭിമാനി എന്നിവയിലെ പത്രക്കാർ അവിടെ കിടക്കുകയാണ്. ഞങ്ങൾ ചോദിച്ചു, എന്തുപറ്റി, അവർ പറഞ്ഞു, മാന്തിക്കളഞ്ഞു എന്ന്, അങ്ങനെ മാന്തിലാത്തി വന്നിരിക്കുകയാണ്. പത്രക്കാർക്ക് നേരെ പ്രയോഗിക്കാനുള്ള പുതിയ ആയുധം വരെ വന്ന കാര്യം മെമ്പർ മനസ്സിലാക്കണം.

ശ്രീ. പി. ടി. തോമസ്: പത്രക്കാരോട് ഏത് ഗവൺമെന്റാണെങ്കിലും പോലീസ് ആണെങ്കിലും അങ്ങനെ ചെയ്യുന്ന നടപടി ശരിയല്ല എന്നതിനോട് ഞാനും യോജിക്കുകയാണ്. അങ്ങയുടെ പാർട്ടിയുടെ നേതാവ് സഖാവ് പിണറായി വിജയൻ പത്രക്കാരിൽ ഒരു പറ്റം ആളുകൾ ഇന്ന് സി. ഐ. എ.-യുടെ ഏജന്റുമാരാണെന്ന് തൊടുപുഴയിൽ ഒരു പൊതുയോഗത്തിൽ പ്രസംഗിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അല്ല, പത്രക്കാരുടെ കൂട്ടത്തിലും എല്ലാപേരുടെ കൂട്ടത്തിലും സി. ഐ. എ. ഏജന്റുമാർ കാണും. സി. ഐ. എ. എന്നു പറയുന്നത് വല്ലാത്ത ഒരു സാധനമാണ്. അത് ഇന്ന ആളാണ് സി. ഐ. എ. എന്നുപറഞ്ഞിട്ട് ആളുകൾ ധരിച്ചുവച്ചിരിക്കുകയാണ്. പാന്റിട്ട ആളുകൾ സി. ഐ. എ. ഏജന്റ് ആണെന്നാണ് നിങ്ങളുടെ ധാരണ. ഇവിടെ ഇപ്പോൾ ഈ നിയമസഭയിൽ ഒരു പാന്റ് ഇട്ട ആളുണ്ട്. അതുകൊണ്ട് അയാൾ സി. ഐ. എ.-യുടെ ഏജന്റ് ആണെന്ന് പറഞ്ഞാണ് ഇപ്പോഴത്തെ പ്രചരണം. സർ ഞങ്ങളുടെ നാട്ടിൽ പണ്ട് കടലയ്ക്ക വിൽക്കുന്ന പാന്റിട്ട ആൾ ഉണ്ടായിരുന്നു. അയാൾ സി. ഐ. എ. ഏജന്റ് ആണെന്നാണ് ഞങ്ങൾ പണ്ട് പറഞ്ഞിരുന്നത്. കാരണം പാന്റിട്ട് കടലയ്ക്ക വിൽക്കേണ്ട കാര്യമെന്താണുള്ളത്? ഇപ്പോൾ കാണുന്ന ഇതുപോലുള്ള പേരുകാരേയും ക്രിസ്റ്റ്യൻ പേരുകാരേയും പാന്റിട്ട ആളുകളേയും കാണുമ്പോൾ സി. ഐ. എ. ഏജന്റ് ആണെന്ന് പറയും. ഒരു താടിയും കൂടി വച്ചുകഴിഞ്ഞാൽ പിന്നെ സംശയമേയില്ല. ഈ വിധത്തിലുള്ള പ്രചരണമാണ് ഇപ്പോൾ സി. ഐ. എ.-യെപ്പറ്റി നടത്തിക്കൊണ്ടിരിക്കുന്നത്. അപ്പോൾ യഥാർത്ഥ സി. ഐ. എ. ഏജന്റുമാരെ രക്ഷപ്പെടുത്താനുള്ള പണിയാണ് ഇത്. വിമോചന സമരകാലത്ത് സി. ഐ. എ.-യിൽ നിന്ന് 10 കോടി രൂപ വാങ്ങിച്ച ആളുകളാണ് ഇത് പറയുന്നത്.

ശ്രീ. എം. എം. ഹസ്സൻ: നമ്മുടെ വിജയൻ മാഷ് പറഞ്ഞത് സി. ഐ. എ. പല രൂപത്തിലും വരും, അവർ സാഹിത്യകാരന്മാർ ആയിട്ട് വരും, പത്രക്കാർ ആയിട്ട് വരും, എം. എൽ. എ.-മാർ. ആയിട്ട് വരും, ബുദ്ധിജീവിയായിട്ട് വരും, എന്നൊക്കെയാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സി. ഐ. എ. പല രൂപത്തിലും വരുമെന്ന് പറയുന്നത് പുതിയ കാര്യമല്ലല്ലോ, അങ്ങനെയാണല്ലോ 1957-ൽ ഇവിടെ വന്നത്. 1957-ൽ സി. ഐ. എ. ഇവിടെ വന്ന് ആരെയൊക്കെ വിലയ്ക്കെടുത്തു, വയലാർ രവി തന്നെ പറഞ്ഞില്ലേ? 10 കോടി രൂപ അന്ന് ഞങ്ങൾക്ക് കിട്ടി. ആ പത്തുകോടി രൂപയാണ് അന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ താഴെയിറക്കാൻ ശ്രമിച്ചത് എന്ന്. ചിറയിൻകീഴ് പാർലമെന്റ് മണ്ഡലത്തിൽ ഒരു പൊതുയോഗത്തിൽ വയലാർ രവി പ്രസംഗിച്ചതാണ്. ഇന്നത്തെ എ. ഐ. സി. സി. ജനറൽ സെക്രട്ടറിയാണ്. അന്ന് വയലാർ രവി, ഞങ്ങളുടെ സ്ഥാനാർത്ഥിയായിരുന്നു. വേണമെങ്കിൽ ആ പത്രകട്ടിംഗ് ഞാൻ ഇവിടെ ഹാജരാക്കാം.

ശ്രീ. കെ. സി. വേണുഗോപാൽ: ബഹുമാനപ്പെട്ട കോടിയേരി ഇവിടെ പ്രസംഗിക്കുമ്പോൾ 1957-ൽ പത്തു കോടി രൂപ ഞങ്ങൾക്ക് തന്നു എന്ന് ശ്രീ. വയലാർ രവി പറഞ്ഞുവെന്ന് പറഞ്ഞു, സർ, ശ്രീ. വയലാർ രവി അങ്ങനെ പറഞ്ഞിട്ടില്ല. ശ്രീ. കോടിയേരി പച്ചക്കള്ളം പറയുകയാണ്. ശ്രീ. വയലാർ രവി അങ്ങനെ പറഞ്ഞിട്ടില്ല. രേഖ തരാൻ പറയണം സർ.....

മി. ഡെപ്യൂട്ടി സ്പീക്കർ: യേസ്, യേസ്, പ്ലീസ്, പ്ലീസ്,

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീ. വയലാർ രവി ചിറയിൻകീഴ് മണ്ഡലത്തിൽ മൽസരിക്കുന്ന സമയത്ത് നടത്തിയ പ്രസംഗത്തിന്റെ രേഖ ഞാൻ ഇവിടെ ഹാജരാക്കാം. മൊയ്നിഹാന്റെ പുസ്തകം പോലും ഹാജരാക്കാം.

ശ്രീ. എം. വി. ജയരാജൻ: ശ്രീ. വയലാർ രവി ഈ പണം വാങ്ങിയെന്ന് മാത്രമല്ല, മൊയ്നിഹാൻ അത് സംബന്ധിച്ച് പറഞ്ഞിരിക്കുന്ന പുസ്തകത്തിൽ 10 കോടി ഉറുപ്പിക വാങ്ങി എന്ന് പറഞ്ഞ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ചർച്ച തുടരും)

2. 2002-ലെ കേരള സംസ്ഥാന പുരാതന പൈതൃക സ്വത്തുക്കൾ സംരക്ഷണ ബിൽ

(ശ്രീ. എ. സുജനപാൽ നോട്ടീസ് നൽകിയത്)

3. 2001-ലെ കേരള സംസ്ഥാന ക്ലോസ്ഡ് ഫാക്ടറി വർക്കേഴ്സ് സമാശ്വാസ നിധി ബിൽ

(ശ്രീ. കെ. പി. രാജേന്ദ്രൻ നോട്ടീസ് നൽകിയത്)

(പ്രസ്തുത ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർ ചർച്ച മറ്റൊരു ദിവസത്തേക്ക് മാറ്റിവച്ചു)

മി. ഡെപ്യൂട്ടി സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2003 ജൂലായ് 21-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.32-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly